Malayala Manorama
മലയാള മനോരമ

# എൻവിസ് കേന്ദ്രത്തിൽ വനമഹോത്സവം നടത്തി

കോയമ്പത്തൂർ • ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ വനമഹോത്സവം ആഘോഷിച്ചു. കേന്ദ്രം ഡയറക്ടർ ഡോ.സി.കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു. വിവിധ കോളജുകളിലെ വിദ്യാർഥികളും ഇൻസ്റ്റിറ്റ്യൂട്ടിലെ ഉദ്യോഗസ്ഥരും ചേർന്നു സസ്യോദ്യാനത്തിൽ ഇലിപ്പ, മഞ്ഞക്കടമ്പ്, നീർക്കടമ്പ്, ഉങ്ങ്, പേരാൽ, അത്തി, ഇലഞ്ഞി, താന്നി തുടങ്ങിയ മരങ്ങളുടെ തൈകൾ നട്ടു. കെ.എം.മുൻഷി തുടങ്ങി വച്ച് 1950 മുതൽ ഇന്ത്യയിൽ നടന്നുവരുന്ന മരങ്ങളുടെ ഉത്സവത്തിന്റെ പ്രാധാന്യത്തെപ്പറ്റി സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റും എൻവിസ് മേധാവിയുമായ ഡോ.കണ്ണൻ സി.എസ്.വാരിയർ പ്രസംഗിച്ചു.

വിദ്യാർഥികൾക്കായി ബോധവൽക്കരണ പോസ്റ്റർ പുറത്തിറക്കി.

പൊതുജനങ്ങൾക്കായി സ്വദേശി മരങ്ങളുടെ പ്രാധാന്യം എന്ന വിഷയത്തിൽ ചിത്ര രചനാ മത്സരവും നടത്തിയിരുന്നു. പങ്കെടുത്ത എല്ലാവർക്കും ഇ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. എൻവിസ് പ്രോഗ്രാം ഓഫിസർ ഡോ.എസ്.വിഘ്നേശ്വരൻ പ്രസംഗിച്ചു.

44. News in Malayala Manorama, Palakkad, 07.07.2023, Vana Mahotsava Celebrations by ICFRE-IFGTB EIACP PC RP.